**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1363** **11-09-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | **കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന ചൂളക്കടവ് പാലം നിർമ്മിക്കുന്നതിലേയ്ക്കായി 07.09.2019 തീയതിയിൽ കിഫ്ബി 18.46 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിരുന്നു. ഷെഡ്യൂൾ ഓഫ് റേറ്റ്, ജി.എസ്.ടി എന്നിവയിൽ മാറ്റം ഉണ്ടായതിനെ തുടർന്ന് 24.03.2022 തീയതിയിൽ കിഫ്ബി 27.94 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതി നൽകുകയുണ്ടായി. അതിൻ പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി 1.66 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചത് പ്രകാരം അംഗീകരിച്ച വിലയുടെ അടിസ്ഥാനത്തിൽ 1.97 കോടി രൂപ സ്ഥലം ഏറ്റെടുക്കലിനായി ആവശ്യമായിട്ടുണ്ട്. ആയതിലേയ്ക്ക് അധികതുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 22.07.2023 തീയതിയിൽ കിഫ്ബിക്കു സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭിച്ചാലുടൻ തന്നെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്. ഈ പ്രവൃത്തിയുടെ PED തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിച്ചാലുടൻ ടെണ്ടർ ചെയ്യാൻ സാധിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ വൈകുന്നത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി |
| (സി) | ടെണ്ടർ നടപടി വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ